ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:16.10.2025**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദി ആന്ധ്രാപ്രദേശിലെ കർണൂലിൽ 13,430 കോടി രൂപയുടെ വികസന പദ്ധതികൾ ഇന്ന് നാടിന് സമർപ്പിക്കും.

2. പ്രതിരോധ പെൻഷൻകാരുടെ പരാതികൾ പരിഹരിക്കാനുള്ള സ്പർശ് സമ്പർക്ക പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ തിരുവനന്തപുരത്ത് നിർവ്വഹിച്ചു.

3. കൈത്തറി, കയർ, വ്യവസായ മേഖലയ്ക്ക് പ്രധാന്യം നൽകികൊണ്ടുള്ള പ്രവർത്തനമാണ് സംസ്ഥാനത്ത് നടത്തിവരുന്നതെന് മന്ത്രി പി. രാജീവ്. സംസ്ഥാനതല കൈത്തറി കോൺക്ലേവിന് കണ്ണൂരിൽ തുടക്കം.

4. കാർഷിക-വ്യാവസായിക മേഖലയിലെ തൊഴിലാളികൾക്കുളള ഉപഭോക്തൃ വിലസൂചിക പരിഷ്കരണത്തിനായുള്ള കുടുംബ ബജറ്റ് സർവേക്ക് സംസ്ഥാനത്ത് തുടക്കം.

5. 67-ാമത് സംസ്ഥാന സ്കൂൾ കായിക മേളയിൽ വിജയികൾക്കുളള **CM** എവർ റോളിങ് ട്രോഫിയുടെ പ്രയാണം കാസർഗോഡ് നിന്ന് ആരംഭിച്ചു.

RNU TVM

6. സംസ്ഥാനത്ത് മഴയ്ക്ക് ശക്തിപ്രാപിക്കുന്നു. കോട്ടയം ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. 7 ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

## പ്രധാനമന്ത്രി- ആന്ധ്രപ്രദേശ്

പ്രധാനമന്ത്രി നരേന്ദ്രമോദി ആന്ധ്രാപ്രദേശിലെ കർണൂലിൽ 13,430 കോടി രൂപയുടെ വികസന പദ്ധതികൾ ഇന്ന് നാടിന് സമർപ്പിക്കും. ആന്ധ്രാപ്രദേശിലെത്തിയ പ്രധാനമന്ത്രിയെ മുഖ്യമന്ത്രി എം ചന്ദ്രബാബു നായിഡുവിൻറെ നേതൃത്വത്തിൽ സ്വീകരിച്ചു. ശ്രീശൈലത്തെ ശ്രീ ഭ്രമരാംബ മല്ലികാർജുന സ്വാമി ദേവസ്ഥാനത്തും ശ്രീ മോദി ദർശനം നടത്തും.

RNUTVPM

## എസ് ജയ്ശങ്കർ

ഭീകരത, സാമ്പത്തിക അസ്ഥിരത, കാലാവസ്ഥാ വ്യതിയാനം എന്നിവ നേരിടുന്നതിന് രാജ്യങ്ങൾ തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കണമെന്ന് വിദേശകാര്യ മന്ത്രിഎസ്. ജയശങ്കർ . ന്യൂഡൽഹിയിൽ, ഐക്യരാഷ്ട്രസഭാ ദൗത്യങ്ങൾക്കായി സൈനിക സേവനം നൽകുന്ന രാജ്യങ്ങളുടെ സംഗമത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

## ഗവർണർ - പ്രതിരോധ പെൻഷൻ

പ്രതിരോധ പെൻഷൻകാരുടെ പരാതികൾ പരിഹരിക്കാനുള്ള സ്പർശ് സമ്പർക്ക പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ  തിരുവനന്തപുരം, പാങ്ങോട് മിലിട്ടറി

സ്റ്റേഷനിൽ നിർവ്വഹിച്ചു. കേരളത്തിൻറെ തെക്കൻ ജില്ലകളിലെ പ്രതിരോധ പെൻഷൻകാരുടെ പരാതികളാകും പരിഗണിക്കുക.

☸☸☸☸☸☸☸☸☸☸☸☸☸

## മന്ത്രി പി രാജീവ്

കൈത്തറി, കയർ, വ്യവസായ മേഖലയ്ക്ക് പ്രധാന്യം നൽകി കൊണ്ടുള്ള പ്രവർത്തനമാണ് സംസ്ഥാനത്ത് നടത്തി വരുന്നതെന് മന്ത്രി പി. രാജീവ്. കണ്ണൂരിൽ സംസ്ഥാനതല കൈത്തറി കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ലാഭകരമായി പ്രവർത്തിക്കുന്ന കൈത്തറി സംഘങ്ങളെ തിരഞ്ഞെടുത്ത് പ്രീമിയർ ഉൽപന്നങ്ങൾ നിർമ്മിക്കാനുള്ള സാധ്യത പരിശോധിച്ചു വരികയാണ് എന്നും മന്ത്രി പറഞ്ഞു. അവധിദിവസങ്ങളിൽ തുറന്നു പ്രവർത്തിക്കുന്ന രീതിയിലേക്ക് കൈത്തറി ഉൽപന്നങ്ങൾ വിൽപന്ന നടത്തുന്ന സ്ഥാപനങ്ങൾ മാറണമെന്നും മന്ത്രി പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

RNU TVPM

## തിരുവനന്തപുരം അമൃത എക്സ്പ്രസ്

തിരുവനന്തപുരം- മധുര- തിരുവനന്തരപുരം അമൃത എക്സ്പ്രസ് രാമേശ്വരം വരെ നീട്ടി. ഇന്ന് രാത്രി എട്ടരയ്ക്ക് തിരുവനന്തപുരത്ത് നിന്ന് പുറപ്പെടുന്ന ആദ്യ സർവീസ്, നാളെ ഉച്ചയ്ക്ക് 12.45 ന് രാമേശ്വരത്തെത്തും. നാളെ ഉച്ചകഴിഞ്ഞ് ഒന്നരയ്ക്കാണ് ട്രെയിനിൻറെ മടക്കയാത്ര. പുലർച്ചെ 4-45 ന് തിരുവനന്തപുരത്തെത്തും.

☸☸☸☸☸☸☸☸☸☸☸☸☸

## പ്ലേ ഫോർ ഹെൽത്തി കേളകം (ഇൻട്രോ)

സംസ്ഥാനത്ത് ആദ്യമായി എല്ലാ വാർഡിലും കളിക്കളങ്ങൾ ഉള്ള പഞ്ചായത്തായി മാറുകയാണ് കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമ പഞ്ചായത്ത്. സമ്പൂർണ കളിക്കളം പഞ്ചായത്തായി ഈ മാസം 25ന് പ്രഖ്യാപിക്കും.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ

(വോയ്സ്)

## കുടുംബ ബജറ്റ് സർവ്വേ

സംസ്ഥാനത്തെ കാർഷിക-വ്യാവസായിക തൊഴിലാളികളുടെ മിനിമം വേതനത്തിലെ ക്ഷാമബത്ത നിശ്ചയിക്കുന്ന ഉപഭോക്തൃ വിലസൂചിക പരിഷ്കരണത്തിനായുള്ള കുടുംബ ബജറ്റ് സർവേക്ക് സംസ്ഥാനത്ത് തുടക്കം. നിലവിൽ 2011-12 വർഷത്തെ ഉപഭോഗ രീതി അടിസ്ഥാനമാക്കിയുള്ള സൂചികയാണ് ഇതിനായി ഉപയോഗിക്കുന്നത്. ഒരു വർഷം നീണ്ടുനിൽക്കുന്ന സർവേയ്ക്കായി മിനിമം വേതന നിയമം ബാധകമായ 7,920 തൊഴിലാളി കുടുംബങ്ങളെ തിരഞ്ഞെടുക്കും. ഇതിനായി 21 അംഗ സംസ്ഥാനതല 'കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി' രൂപീകരിക്കാനും സർക്കാർ തീരുമാനിച്ചു.

## പാലക്കാട് വികസന പദ്ധതി (ഇൻട്രോ)

പാലക്കാട് നഗരത്തിലെ വ്യാപാര കേന്ദ്രമായ വലിയങ്ങാടിയുടെ വികസനത്തിന് 140 കോടി രൂപയുടെ കേന്ദ്ര പദ്ധതിക്ക് അംഗീകാരം. കേന്ദ്ര സർക്കാരിന്റെ സ്പെഷൽ അസിസ്റ്റന്റ് ടു സ്റ്റേറ്റ് ഫോർ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് (SSCI) പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് തുക അനുവദിക്കുക.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്

(വോയ്സ്)

## രാഷ്ട്രപതി- കേരളം

RNU TVPM

രാഷ്ട്രപതി ദ്രൗപദി മുർമുവുമായി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ രാഷ്ട്രപതി ഭവനിൽ കൂടിക്കാഴ്ച നടത്തി. നാല് ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ഈ മാസം 21 നാണ് കേരളത്തിലെത്തുന്നത്. തിരുവനന്തപുരത്ത് രാഷ്ട്രപതിക്ക് ഔദ്യോഗിക സ്വീകരണം നൽകും. 22 ന് ശ്രീമതി മുർമു ശബരിമല ക്ഷേത്രം സന്ദർശിക്കും.

## മന്ത്രി ജെ ചിഞ്ചുറാണി

തിരുവനന്തപുരം പാറശാല ആട് വളർത്തൽ കേന്ദ്രത്തിനെ മലബാറി ആടുകളുടെ മികവിന്റെ കേന്ദ്രമായി പ്രഖ്യാപിച്ചു. കേന്ദ്രത്തിന്റെ പുതിയ കെട്ടിടം മന്ത്രി ജെ ചിഞ്ചുറാണി ഉത്ഘാടനം ചെയ്തു. നവീന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്ന ഇരുനില കെട്ടിടത്തിൽ 700 ആടുകളെ പാർപ്പിക്കാനുള്ള സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നത്.

RNU TVPM

## കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ

ദൂരദർശൻ, ഓൾ ഇന്ത്യ റേഡിയോ എന്നിവയിൽ സൗജന്യ പ്രക്ഷേപണ/ സംപ്രേഷണ സമയത്തിനായി ദേശീയ, സംസ്ഥാന കക്ഷികൾക്ക് ഡിജിറ്റൽ സമയ വൗച്ചറുകൾ അനുവദിച്ച് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ. 45 മിനിറ്റ് അടിസ്ഥാന സമയമുള്ള സൗജന്യ പ്രക്ഷേപണ / സംപ്രേഷണ സൗകര്യമാണ് അനുവദിച്ചി ട്ടുള്ളത്. ഇത് സംബന്ധിച്ച നിർദേശങ്ങളും കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു. നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ബീഹാറിലെ എല്ലാ ദേശീയ, സംസ്ഥാന രാഷ്ട്രീയ പാർട്ടികൾക്കും ഐടി പ്ലാറ്റ്ഫോം വഴി ഡിജിറ്റൽ സമയ വൗച്ചറുകൾ വിതരണം ചെയ്തിട്ടുണ്ട്.

## കാപ്പിക്ക് പ്രിയമേറുന്നു (ഇൻട്രോ)

ഗുണമേന്മയിലും രുചിയിലും മുൻപന്തിയിൽ നിൽക്കുന്ന ഇടുക്കി കീഴാന്തൂരിലെ കാപ്പിക്ക് പ്രിയമേറുന്നു. ഇവിടെ നിന്ന് ഉൽപാദിപ്പി ക്കുന്ന

കാപ്പിപ്പൊടി വിദേശ വിപണിയിൽ വരെ പ്രത്യേക ഇടം നേടിയിരിക്കുകയാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണൻ

☸☸☸☸☸☸☸☸☸☸☸☸☸

## സ്കൂൾ കായികമേള

67-ാമത് സംസ്ഥാന സ്ക്കൂൾ കായിക മേളയിൽ വിജയികൾക്കുള്ള മുഖ്യമന്ത്രിയുടെ എവർ റോളിങ് ട്രോഫിയുടെ പ്രയാണം കാസർഗോഡ് നിന്ന് ആരംഭിച്ചു. കേരളഭൂപട മാതൃകയിൽ രൂപ കൽപന ചെയ്ത സ്വർണ്ണം കപ്പ് വിവിധ ജില്ലകളിലെ സ്വീകരണ ങ്ങൾക്ക് ശേഷം ഒക്ടോബർ 20 ന് മൽസര വേദിയായ തിരുവനതപുരത്ത് എത്തിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## സുബലാ പാർക്ക് - പത്തനംതിട്ട (ഇൻട്രോ)

സുബലാ പാർക്കിന് പുതുജീവനേകാൻ പത്തനംതിട്ട നഗരസഭ. പ്രവർത്തനങ്ങളുടെ നിർമ്മാണ ഉദ്ഘാടനം നഗരസഭാ ചെയർമാൻ ടി സക്കീർ ഹുസൈൻ നിർവഹിച്ചു.

PNU TVPM

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ

# (വോയ്സ്)

☸☸☸☸☸☸☸☸☸☸☸☸☸

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോട്ടയം ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും, 7 ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 19 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെ

ടുത്തി. അപകടകരമായ രീതിയിൽ ജലനിരപ്പുയരുന്നതിനെ തുടർന്ന് സംസ്ഥാന ജലസേചന വകുപ്പ് അച്ചൻകോവിൽ നദിയിൽ മഞ്ഞ അലർട്ട് പ്രഖ്യാപിച്ചു. നദിയുടെ തീരത്തുള്ളവർ ജാഗ്രത പാലിക്കണമെന്ന് അധികൃതർ അറിയിച്ചു.

## കോമൺവെൽത്ത് ഗെയിംസ്

2030 ലെ കോമൺവെൽത്ത് ഗെയിംസിന് ആതിഥേയത്വം വഹിക്കാൻ ഗുജറാത്തിലെ അഹമ്മദാബാദിനെ ശുപാർശ ചെയ്ത് കേന്ദ്ര സർക്കാരും ഇന്ത്യൻ കോമൺവെൽത്ത് ഗെയിംസ് അസോസിയേഷനും. രാജ്യത്തെ കായികമേഖലയിലെ സുപ്രധാന നാഴികക്കല്ലായി,കോമൺവെൽത്ത് സ്പോർട്സിന്റെ എക്സിക്യൂട്ടീവ് ബോർഡ് യോഗത്തിലാണ് ശുപാർശ നടത്തിയത്. അഹമ്മദാബാദിൽ നടക്കുന്ന ശതാബ്ദി കോമൺവെൽത്ത് ഗെയിംസ്, സുസ്ഥിരത, ഉൾക്കൊള്ളൽ, നൂതനവിഷ്കാരം എന്നിവയിൽ അധിഷ്ഠിതമായ ഭാവിയിലേക്കുള്ള ഗെയിംസ് ആയിരിക്കുമെന്ന് കോമൺവെൽത്ത് ഗെയിംസ് അസോസിയേഷൻ ഓഫ് ഇന്ത്യ പ്രസിഡന്റ് പി ടി ഉഷ പറഞ്ഞു.

RNU TVPM

## ലോക ഭക്ഷ്യ ദിനം

ഇന്ന് ലോക ഭക്ഷ്യദിനം. വിശപ്പ് ഇല്ലാതാക്കുക, സുസ്ഥിര ഭക്ഷ്യ സമ്പ്രദായങ്ങൾ നടപ്പിലാക്കുക എന്നീ ലക്ഷ്യങ്ങൾ നേടുന്നതി നായാണ് ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യ-കാർഷിക സംഘടന എല്ലാ വർഷവും ഒക്ടോബർ 16 ലോക ഭക്ഷ്യദിനമായി ആചരിക്കുന്നത്. "മികച്ച ഭക്ഷണത്തിനും മികച്ച ഭാവിക്കും വേണ്ടി കൈകോർക്കുക" എന്നതാണ് ഈ വർഷത്തെ പ്രമേയം. ദിനാചരണത്തിൻറെ ഭാഗമായി കോഴിക്കോട് ഭക്ഷ്യസുരക്ഷാ വകുപ്പും ജെഡിടി ആർട്സ് ആൻഡ് സയൻസ് കോളേജും സംയുക്തമായി ഭക്ഷ്യ സുരക്ഷാ സെമിനാർ നടത്തും.

RNU TVPM